# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെളിനെല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: K.S.A KLM P3/1719 /2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 05/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെളിനെല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: K.S.A KLM P3/1719 /2021 തീയ്യതി: 05/07/2022

## കൊല്ലം ജില്ലയിലെ വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി എം. ഡി. അമ്പിളി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 11-10-2021 | 30-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-10-2021 | 30-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. നവീൻ ചന്ദ്രൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. മനു കെ നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ജി അമ്പിളി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. അനു കെ ആനന്ദ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷീജ നൗഷാദ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്റ്റ്രേറ്റീവ് കമ്മറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| അഡ്വ. എം അൻസർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി. ഷൈനി.ബി.എസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഷാരോൺ ബിൻ റഷീദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. ഷോണി. എസ്. പി. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. അനിത | മെഡിക്കൽ ഓഫീസർ- സി.എച്ച്.സി. | 01-04-2020 | 31-03-2021 |
| ഡോ. ഹരികുമാർ നമ്പൂതിരി | മെഡിക്കൽ ഓഫീസർ- ആയൂർവ്വേദം | 01-04-2020 | 31-03-2021 |
| ശ്രീ. ശ്രീകുമാർ | പ്രധാന അധ്യാപകൻ | 01-04-2020 | 31-03-2021 |
| ശ്രീമതി. ബിന്ദു. ജെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ബിന്ദു. എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. മനോജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി. അമ്പിളി. പി. വി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. സോഫിജി | ഫിഷറീസ് വകുപ്പ് | 04-01-2021 | 31-03-2021 |
| ശ്രീ. അനീഷ്. എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ. അപ്സര | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Manu K Nair (Asst. Audit Officer, On 31-10-2021)<br>Last Updated By: Santhosh N (Computer Assistant, On 22-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: G.Ambili (Senior Grade Auditor, On 31-10-2021)<br>Last Updated By: Santhosh N (Computer Assistant, On 22-06-2022) | 1-2 |
| 3 | അക്കൗണ്ട്സ് പരിശോധന സംബന്ധിച്ച്<br>Written By: G.Ambili (Senior Grade Auditor, On 03-11-2021)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: G.Ambili (Senior Grade Auditor, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: G.Ambili (Senior Grade Auditor, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Manu K Nair (Asst. Audit Officer, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 22-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Manu K Nair (Asst. Audit Officer, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 22-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: G.Ambili (Senior Grade Auditor, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 22-06-2022) | 1-7 |
| 9 | മരണശേഷം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ അനുവദിച്ചു<br>Written By: G.Ambili (Senior Grade Auditor, On 15-11-2021)<br>Last Updated By: Santhosh N (Computer Assistant, On 22-06-2022) | 1-7.1 |
| 10 | ക്യാഷ് പരിശോധന<br>Written By: Manu K Nair (Asst. Audit Officer, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 22-06-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Naveen Chandran (Audit Officer, On 04-11-2021)<br>Last Updated By: Santhosh N (Computer Assistant, On 22-06-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: G.Ambili (Senior Grade Auditor, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 22-06-2022) | 1-10 |
| 13 | ദിവസവേതനം - പി.റ്റി.എസ്.ന് അനുവദനീയമായതിലും അധികം തുക നൽകി<br>Written By: Manu K Nair (Asst. Audit Officer, On 04-11-2021)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-11 |
| 14 | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കിയിട്ടില്ല<br>Written By: Anu K.Anand (Auditor, On 05-11-2021)<br>Last Updated By: Santhosh N (Computer Assistant, On 22-06-2022) | 1-12 |
| 15 | ഇത്തിക്കര ആറ്റിൽ ചെക്ക്ഡാം നിർമ്മാണം-പ്രവർത്തി തുടങ്ങിയില്ല.<br>Written By: Manu K Nair (Asst. Audit Officer, On 09-11-2021)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-13 |
| 16 | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് നൽകിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല | 1-14 |

| | | |
|---|---|---|
| | Written By: Manu K Nair (Asst. Audit Officer, On 09-11-2021)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | |
| 17 | വിട്ട് കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ലഭ്യമായിട്ടില്ല.<br>Written By: Manu K Nair (Asst. Audit Officer, On 09-11-2021)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-15 |
| 18 | മൺചട്ടിയിൽ പച്ചക്കറി കൃഷി -അനുവദനീയമായതിലും അധികം സബ്സിഡി നൽകി.<br>Written By: Manu K Nair (Asst. Audit Officer, On 09-11-2021)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-16 |
| 19 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം- 2 ഗുണഭോക്താക്കൾ പഠന മുറി പൂർത്തീകരിച്ചിട്ടില്ല.<br>Written By: Manu K Nair (Asst. Audit Officer, On 09-11-2021)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-17 |
| 20 | സ്ഥാപന തൊഴിൽ നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല<br>Written By: Anu K.Anand (Auditor, On 13-11-2021)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-18 |
| 21 | ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകിയിരിക്കുന്നതിലെ അപാകതകൾ<br>Written By: Anu K.Anand (Auditor, On 19-11-2021)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-19 |
| 22 | ഓയൂർ ഷോപ്പിംഗ് കോംപ്ലക്സ് - പഞ്ചായത്തിന് വൻസാമ്പത്തിക ബാദ്ധ്യതയായി മാറുന്നു.<br>Written By: Anu K.Anand (Auditor, On 19-11-2021)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-19-1 |
| 23 | അനധികൃത നിർമ്മാണവും കൈമാറ്റവും - ഗ്രാമ പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല.<br>Written By: Anu K.Anand (Auditor, On 19-11-2021)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-19-2 |
| 24 | ഷോപ്പിംഗ് കോംപ്ലക്സിലെ വ്യാപാര സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.<br>Written By: Anu K.Anand (Auditor, On 21-11-2021)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-19-3 |
| 25 | ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല<br>Written By: Naveen Chandran (Audit Officer, On 02-12-2021)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-20 |
| 26 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല<br>Written By: Naveen Chandran (Audit Officer, On 02-12-2021)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-21 |
| 27 | പുറമ്പോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല<br>Written By: Naveen Chandran (Audit Officer, On 02-12-2021)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-22 |
| 28 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും 1,88,795 /-രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭിച്ചിട്ടില്ല<br>Written By: Naveen Chandran (Audit Officer, On 02-12-2021)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-23 |
| 29 | മെഡിക്കൽ ഓഫീസർ, ഹോമിയോ -84,870/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല<br>Written By: Naveen Chandran (Audit Officer, On 02-12-2021)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-24 |
| 30 | ദേശീയ തൊഴിലുറപ്പ് പദ്ധതി-അവലോകനം<br>Written By: Naveen Chandran (Audit Officer, On 02-12-2021)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 1-25 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | **മൺചട്ടിയിൽ** പച്ചക്കറി കൃഷി -അനുവദനീയമായതിലും അധികം സബ്സിഡി നൽകി.<br>Written By: Santhosh N (Computer Assistant, On 23-06-2022)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Manu K Nair (Asst. Audit Officer, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 23-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Manu K Nair (Asst. Audit Officer, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 23-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Manu K Nair (Asst. Audit Officer, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Manu K Nair (Asst. Audit Officer, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 23-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Manu K Nair (Asst. Audit Officer, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 23-06-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Manu K Nair (Asst. Audit Officer, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Manu K Nair (Asst. Audit Officer, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Manu K Nair (Asst. Audit Officer, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 23-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Manu K Nair (Asst. Audit Officer, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 23-06-2022) | 4-9 |
| 10 | ഓഡിറ്റ്പ്രത്യവലോകനം<br>Written By: Manu K Nair (Asst. Audit Officer, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Manu K Nair (Asst. Audit Officer, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 02-07-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

27.03.2020 തീയതിയിലെ I-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 17-06-2021 | - | - |

### 1-2-1 അക്കൗണ്ട്സ് പരിശോധന സംബന്ധിച്ച്

1) കോവിഡ് പ്രാഥമിക ചികിത്സാ കേന്ദ്രത്തിനായി ചെലവു ചെയ്ത്, തിരികെ വന്ന 7,22,181/-രൂപ ലയബിലിറ്റി ആയി ചേർത്തിരിക്കുന്നു.

2) സർക്കാർ ഉത്തരവ് പ്രകാരം തിരിച്ചടയ്ക്കേണ്ടിയിരുന്ന ഡബ്ല്യു. ജി.ഡി.പി. ഫണ്ട് നാളിതുവരെ തിരിച്ചടച്ചില്ല.

3) സംയുകത പ്രോജക്ടുകൾക്കായി ബ്ലോക്കിൽ നിന്നും ലഭിച്ച ഫണ്ട് വിനിയോഗങ്ങൾ സുലേഖാ, സാംഖ്യ സ്റ്റേറ്റ് മെന്റുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,03,76,707/-രൂപ |
| വരവ് | 9,20,88,777/-രൂപ |
| ആകെ | 10,24,65,484/-രൂപ |
| ചെലവ് | 9,14,10,139/-രൂപ |
| നീക്കിയിരിപ്പ് | 1,10,55,345/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 5,000/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,12,66,229/-രൂപ |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ ലാപ്സ്സായ തുക (രൂപ) | കൃ ബിൽ (രൂപ) |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,87,37,543/- | 1,87,37,543/- | 1,87,37,543/- | 0 | |
| വികസനഫണ്ട് (എസ്.സി.പി) | 0 | 75,93,000/- | 75,93,000/- | 75,93,000/- | 0 | |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (Tied) | 0 | 88,20,769/- | 88,20,769/- | 78,79,018/- | 9,41,751/- | |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (UnTied) | 0 | 67,30,000/- | 67,30,000/- | 67,30,000/- | 0 | |
| മെയിന്റനൻസ് | 0 | 1,49,11,000/- | 1,49,11,000/- | 1,21,86,389/- | 27,24,611/- | |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ട് (റോഡ്) | | | | | | |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 48,46,480/- | 48,46,480/- | 48,46,480/- | 0 | |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | | |
| ശുചിത്വമിഷൻ | 2,28,000/- | 0 | 2,28,000/- | 2,16,000/- | 1,20,000/- | |
| ലൈഫ് മിഷൻ-സ്റ്റേറ്റ് ഷെയർ | 5,30,000/- | 0 | 5,30,000/- | 3,30,000/- | 2,00,000/- | |
| സ്പെഷ്യൽ ഫണ്ട് | 5,00,000/- | - | - | - | 5,00,000/- | |
| ആശ്രയ | 0 | 13,33,333/- | 0 | 13,33,333/- | 0 | |
| MNREGS | 4,561/- | 19,44,881/- | 19,49,442/- | 19,42,130/- | 7,312/- | |
| മറ്റു ഫണ്ടുകൾ | 0 | 72,000/- | 72,000/- | 0 | 72,000/- | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ICDS | 20,16,250/- | 10,45,812/- | 30,62,062/- | 11,40,000/- | 19,22,062/- | |
| സമ്പൂർണ്ണശുചിത്വം | 6,99,458/- | 32,64,294/- | 39,63,752/- | 8,29,444/- | 31,34,308/- | |
| ഡബ്ല്യു.ജി.ഡി.പി. | 13,52,395/- | 54,096/- | 14,06,491/- | 0 | 14,06,491/- | |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 162 | 11,91,07,783/- | 148 | 6,55,53,182/- | - | 14 | 91.35 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4,561/- | 19,44,881/- | 19,49,442/- | 19,42,130/- | 7,312/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 5,82,75,339/- | 5,82,75,339/- | 5,82,75,339/- | 0 |

### 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) |
|---|---|
| തൊഴിൽരഹിത വേതനം | 1,07,640/- |
| കർഷകതൊഴിലാളി പെൻഷൻ | 49,61,600/- |
| വിധവാപെൻഷൻ | 1,97,33,600/- |
| വാർദ്ധക്യകാലപെൻഷൻ | 3,29,90,000/- |

| | |
|---|---|
| വികലാംഗപെൻഷൻ | 67,96,200/- |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 2,28,100/- |
| വിധവകളുടെ പെൺമക്കുള്ള വിവാഹധനസഹായം | 5,70,000/- |

1-7.1 മരണശേഷം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ അനുവദിച്ചു

സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ പെൻഷണറുടെ മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഇപ്രകാരം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട താഴെ സൂചിപ്പിച്ചിട്ടുള്ള വ്യക്തികളുടെ അക്കൗണ്ടുകളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായി വിതരണം ചെയ്ത പെൻഷൻ (₹) |
|---|---|---|---|---|---|
| ശ്രീ.അബ്ദുൾ മനാഫ് എം | 103690202373 | വാർദ്ധക്യകാല പെൻഷൻ | 24.08.20 | 09/2020 | 1,600/- |
| ശ്രീമതി. മാലതിയമ്മ ഡി | 103690201277 | വാർദ്ധക്യകാല പെൻഷൻ | 03.08.20 | 09/2020 | 1,600/- |
| ശ്രീ. ശശിധരൻ | 103690201279 | വാർദ്ധക്യകാല പെൻഷൻ | 24.08.20 | 09/2020 | 1,600/- |
| ശ്രീമതി.തേജാബീവി | 103690600125 | വാർദ്ധക്യകാല പെൻഷൻ | 23.06.19 | 07/2019 | 1,600/- |
| ശ്രീമതി. കമലാക്ഷിഅമ്മ | 103690200398 | വാർദ്ധക്യകാല പെൻഷൻ | 15.06.19 | 07.2019 | 1,600/- |
| ശ്രീമതി. സരസമ്മ സി | 103690202373 | വാർദ്ധക്യകാല പെൻഷൻ | 27.03.19 | 04/2019 | 1,600/- |
| ശ്രീ.സുരേന്ദ്രൻപിള്ള | 103690200788 | വാർദ്ധക്യകാല പെൻഷൻ | 07.04.19 | 05/2019 മുതൽ 07/2019 വരെ | 4,800/- |
| ശ്രീമതി. സുഹ്റാ ബീവി | 103690201212 | വാർദ്ധക്യകാല പെൻഷൻ | 02.07.20 | 08/2020 മുതൽ 09/2021 വരെ | 8,400/- |
| ശ്രീ.വേലായുധൻ ആചാരി | 103690200525 | വാർദ്ധക്യകാല പെൻഷൻ | 22.07.20 | 08/2020 മുതൽ 09/2021 വരെ | 18,600/- |
| ശ്രീ. വിശ്വനാഥൻ നായർ | 103690100284 | വാർദ്ധക്യകാല പെൻഷൻ | 13.06.20 | 07/2020 മുതൽ 11/2020 വരെ | 6,800/- |
| | | | | | 48,200/- |

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും മരണപ്പെടുന്നവരെ ഒഴിവാക്കുന്നതിനും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ളവർക്കു മാത്രം പെൻഷൻ അനുവദിക്കുന്നതിനുമായി നിർദ്ദേശങ്ങൾ ധനകാര്യ (എസ്.എഫ്.സി സെൽ-ബി) വകുപ്പ് സർക്കുലർ നം. 67/2020/ധന, തീയതി 05.11.2020 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ വെളിനെല്ലൂർ ഗ്രാമ പഞ്ചായത്തിൽ മരണപ്പെട്ട ഗുണഭോക്താക്കൾക്ക് 48,200/- രൂപ

കൈമാറിയിട്ടുണ്ട്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ മരണപ്പെടുന്ന വ്യക്തികളുടെ ബന്ധുക്കൾ മരണ സർട്ടിഫിക്കറ്റ് സഹിതം പെൻഷൻ റദ്ദു ചെയ്യുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് പെൻഷൻ സസ്പെൻഡ് ചെയ്തുവരുന്നതും അധികമായി വിതരണം ചെയ്ത തുക തിരികെ അടവാക്കുന്നതിന് ബന്ധപ്പെട്ട ബാങ്കുകൾക്ക് അറിയിപ്പ് നൽകുന്നതാണെന്നും അറിയിച്ചു. മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ് വാങ്ങൽ എന്നിവ ഫലപ്രദമാകാത്തതിനാലാണ് ഇപ്രകാരമുള്ള അപാകതകൾ ശ്രദ്ധയിൽപ്പെടുന്നത്.

മേൽ സർക്കുലർ നിർദ്ദേശം പാലിക്കാതെ മരണശേഷം അനുവദിച്ച പെൻഷൻ തുക 48,200/- രൂപ ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 17/30.10.2021 .

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-10-21 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,549/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതികൾ കൃത്യമായി ഈടാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇത്തരം വീഴ്ചകൾ പഞ്ചായത്തിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നുണ്ട്.

ഡിജിറ്റൽ ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൻട്രികൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണെന്ന് കൃത്യമായി രേഖപ്പെടുത്തുന്നില്ല.

ഗ്രാമീണ പഠന കേന്ദ്രം കരകുളം തയ്യാറാക്കിയ മറ്റൊരു രജിസ്റ്റർ (പ്രോജക്ട് നം. 192/21 പ്രകാരം ആകെ ചെലവ്-3 ലക്ഷം രൂപ), ആസ്തി രജിസ്റ്ററായി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ ആസ്തി ആർജ്ജിച്ച വർഷം, ചെലവഴിച്ച തുക തുടങ്ങിയ അവശ്യ വിവരങ്ങൾ ഇല്ല. ഇതിൽ സ്വകാര്യ സ്ഥാപനങ്ങളും, ആരാധനാലയങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. (ഖണ്ഡിക 1-7 കാണുക).

ഓയൂർ ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തനവുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ഭരണ

സമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു (ഖണ്ഡിക 1-20 കാണുക).

മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട കരാറുകളിൽ E-ടെണ്ടർ ഒഴികെയുള്ളവയിൽ നിർവ്വഹണ കാലാവധി ഉൾപ്പെടുത്താത്തത് വീഴ്ചയാണ്. നിർവ്വഹണത്തിലെ വീഴ്ചകൾ പരിഹരിക്കപ്പെടേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.10.2020 | 04/20 – 12/20 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.02.2014 – 3.3.2014 | 2008-09 - 2012-13 | 11.04.2014 |

### 1-11 ദിവസവേതനം - പി.റ്റി.എസ്.ന് അനുവദനീയമായതിലും അധികം തുക നൽകി

സർക്കാർ ഉത്തരവ് (പി) 61/ 2010 ധന തീയതി 09-02-2010 ഖണ്ഡിക 5, 6 എന്നിവ പ്രകാരം ഏതു കാരണത്താലും താൽക്കാലികാടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പർമാരെ നിയമിക്കേണ്ടി വരുമ്പോൾ ക്വാഷ്വൽ സ്വീപ്പർമാരെ കുടുംബശ്രീ വഴി റൊട്ടേഷൻ വ്യവസ്ഥയിൽ 179 ദിവസത്തേക്ക് നിയമിക്കണമെന്നും കാഷ്വൽ സ്വീപ്പർക്ക് ബാധകമായ ശമ്പളനിരക്കുകൾ നൽകണമെന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പ്രസ്തുത ഉത്തരവിന് വിരുദ്ധമായി പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം 01-03-2021 മുതൽ നിയമനം നടത്തുകയും അധിക വേതനം (കാഷ്യൽ സ്വീപ്പറിന് ബാധകമായ ശമ്പളം പ്രതിമാസം 8,000/- രൂപ) നൽകുകയും ചെയ്തിരിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| മാസം | വൗച്ചർ നമ്പർ | നിരക്ക് (രൂപ) | നൽകിയ തുക (രൂപ) | നൽകേണ്ട തുക (രൂപ) | അധികം നൽകിയ തുക (രൂപ) |
|---|---|---|---|---|---|
| 4/20 | 2079632/1-4-20 | 273/- | 7,098/- | 6,000/- | 1,098/- |
| 5/20 | 2079635/4-5-20 | 273/- | 7,371/- | 6,000/- | 1,371/- |
| 6/20 | 2937521/1-6-20 | 273/- | 7,098/- | 6,000/- | 1,098/- |
| 7/20 | 2937523/1-7-20 | 273/- | 7,098/- | 6,000/- | 1,098/- |
| 8/20 | 2937526/3-8-20 | 273/- | 7,371/- | 6,000/- | 1,371/- |
| 9/20 | 2937530/26-8-20 | 273/- | 7,098/- | 6,000/- | 1,098/- |

| | | | | | |
|---|---|---|---|---|---|
| 10/20 | 1598263/1-10-20 | 273/- | 7,098/- | 6,000/- | 1,098/- |
| 11/20 | 89474/4-11-20 | 273/- | 7,371/- | 6,000/- | 1,371/- |
| 12/20 | 1598268/1-12-20 | 275/- | 6,825/- | 6,000/- | 825/- |
| 1/21 | 1598270/1-1-21 | 275/- | 7,371/- | 6,000/- | 1,371/- |
| 2/21 | 1598274/1-2-21 | 273/- | 6,825/- | 6,000/- | 825/- |
| ആകെ | | | | | 12,624/- |

അധികം നൽകിയ 12,624/- രൂപാ നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല. ആയതിനാൽ 12,624/-രൂപ തിരികെ ഈടാക്കി ഒടുക്കു വരുത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്. വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ : 20/01/2021.

1-12 ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കിയിട്ടില്ല

വെളിനെല്ലൂർ ഗ്രാമ പഞ്ചായത്തിലെ 2020-21 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്നവരിൽ നിന്നും വാടക ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്, മേൽവിലാസം | കടമുറി നമ്പർ | വാടക (₹) / മാസം | വാടക കുടിശ്ശിക കാലയളവ് | വാടക കുടിശ്ശിക (₹) |
|---|---|---|---|---|---|
| 1 | ശ്രീമതി. സലീനബീഗം<br>നിബിൻ നിവാസ്, പുന്നല | 1 | 12,600+GST | 06/2020 മുതൽ<br>03/2021 വരെ | 1,26,000+GST |
| 2 | ശ്രീ. മുജീബ് റഹ്മാൻ<br>പനമ്പള്ളിൽ വീട്, അയറ, ഓയൂർ | 2 | 6,300+GST | 06/2020 മുതൽ<br>03/2021 വരെ | 63,000+GST |
| 3 | ശ്രീമതി. രത്നാഭായി<br>ചെറുകര പുത്തൻവീട്, മീയന്നൂ പി ഒ | 3 | 6,615+GST | 06/2020 മുതൽ<br>03/2021 വരെ | 66,150+GST |
| 4 | ശ്രീ.അനു എ കമാൽ<br>അഞ്ജു നിവാസ്, വെളിയം | 4 | 6,857+GST | 06/2020 മുതൽ<br>03/2021 വരെ | 68,570+GST |
| 5 | ശ്രീമതി. സജീന ബീവി<br>ദാറുൽ നൂർ, വട്ടപ്പാറ | 13 | 6,856+GST | 10/2020 മുതൽ<br>03/2021 വരെ | 41,136+GST |
| 6 | ശ്രീ.ഹനസ് സലീം<br>സീനത്ത് മൻസിൽ, കാളവയൽ | 14 | 6,857+GST | 08/2020 മുതൽ<br>03/2021 വരെ | 54,856+GST |
| 7 | ശ്രീമതി സലീന<br>ദാറുൽമിന, വട്ടപ്പാറ | 28 | 2,310+GST | 03/2021 | 2,310+GST |
| ആകെ | | | | | 4,22,022/- |

വാടക കുടിശ്ശിക ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാടക കുടിശ്ശിക ഈടാക്കുന്നത് സംബന്ധിച്ച് നോട്ടീസ് നല്കിയിട്ടുണ്ടെന്നും തുടർന്നും തുക ഒടുക്കുന്നതിന് കാലതാമസം വരുത്തുകയാണെങ്കിൽ കടമുറികൾ ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. വാടക കുടിശ്ശിക പിഴസഹിതം ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം . : 07 /26.10.2021.

1-13 ഇത്തിക്കര ആറ്റിൽ ചെക്ക്ഡാം നിർമ്മാണം-പ്രവർത്തി തുടങ്ങിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി
പ്രോജക്റ്റ് നം. 73/20 ( 2019 -20), 172/ 21 ( 2020-21).
2019 -20 ലെ അടങ്കൽ തുക – 53,50,000/-രൂപ.
ചെലവഴിച്ച തുക – 53,50,000/-രൂപ.
2020 -21 ലെ അടങ്കൽ തുക – 1,46,80,000/-രൂപ.
(ധനകാര്യ കമ്മീഷൻ ഗ്രാന്റ് – 56,80,000/-രൂപ,
ജില്ലാ പഞ്ചായത്ത് വിഹിതം – 45,00,000/-രൂപ,
ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 45,00,000/-രൂപ)
ചെലവഴിച്ച തുക – 56,80,000/-രൂപ.

പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിലേക്കായി വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിലെ ആറ്റൂർകോണം വാർഡിൽ ഇത്തിക്കര ആറ്റിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിനായാണ് മേൽ പദ്ധതി ആവിഷ്കരിച്ചിരുന്നത് (ഡെപ്പോസിറ്റ് വർക്ക് – ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്).



*ചെക്ക് ഡാം നിർമ്മിക്കുന്നതിന് കണ്ടെത്തിയ സ്ഥലം*

ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ നിർദ്ദേശത്തെ തുടർന്ന് ബിൽ നം. 24/18.1.20 പ്രകാരം 3,50,000/- രൂപ ഇൻവസ്റ്റിഗേഷൻ ചാർജായി ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ 8443-00-108 എന്ന ശീർഷകത്തിൽ ഭരണ സമിതി തീരുമാനം നം.II/(2)/13.12.2019 പ്രകാരം 2019-20- ൽ ഒടുക്കിയിട്ടുണ്ട്. കൂടാതെ ഭരണ സമിതി തീരുമാനം നം.II/(1)/17.03.20 പ്രകാരം 50 ലക്ഷം രൂപ കൂടി ഡിപ്പോസിറ്റ് ചെയ്യാനും വിശദമായ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് എഗ്രിമെന്റ് വെച്ച് ബാക്കി തുക നൽകാനും തീരുമാനിച്ചു. ആയതിൻ പ്രകാരം ബിൽ നം. 36/31.03.20 പ്രകാരം 2,36,825/-രൂപ (വികസന ഫണ്ട്), ബിൽ നം. 37/31.03.20 പ്രകാരം 47,63,175/- രൂപയും (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ഇറിഗേഷൻ വിഭാഗം കൊല്ലത്തിന് ഡെപ്പോസിറ്റ് ചെയ്ത് ആകെ 53,50,000/-രൂപ 2019-20 വർഷം പ്രവർത്തിയ്ക്കായി ചെലവഴിച്ചു.

ഭരണ സമിതി തീരുമാനം നം.II/(1)/17.03.20 പ്രകാരം വിശദമായ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് എഗ്രിമെന്റ് വെച്ച് ബാക്കി തുക നൽകാൻ തീരുമാനിച്ചതിൽ നിന്നും വിഭിന്നമായി 2020-21-ൽ 152 ലക്ഷം രൂപയുടെ താത്കാലിക എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 56,80,000/-രൂപ എഗ്രിമെന്റ്

വെയ്ക്കാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി 2020-21 ൽ ബിൽ നം. 49/21.03.21 പ്രകാരം ഇറിഗേഷൻ വിഭാഗം കൊല്ലത്തിന് ഡെപ്പോസിറ്റ് ചെയ്തു. ഇൻവസ്റ്റിഗേഷൻ ചാർജായി ഒടുക്കിയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടോ എന്നും, പ്രവർത്തിയുടെ തൽസ്ഥിതി സംബന്ധിച്ചും വിവരം ആരാഞ്ഞതിൽ പൂർത്തിയായ ഇൻവസ്റ്റിഗേഷൻ പ്രവർത്തിയുടെ 3,23,370/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ കത്ത് ലഭ്യമാക്കിയിട്ടുണ്ട്.

വിശദമായ എസ്റ്റിമേറ്റും, ഡ്രോയിംഗ്സും ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭ്യമാക്കി, നാളിതുവരെ നൽകിയ തുകയായ 1,10,30,000/-രൂപയുടെ കരാറിൽ ഏർപ്പടേണ്ടതാണ്. പൂർത്തിയായ ഇൻവസ്റ്റിഗേഷൻ പ്രവർത്തിയുടെ 3,23,370/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നത് വരെ 1,10,30,000/-രൂപ തടസ്സത്തിൽവെയ്ക്കുന്നു.
തടസ്സത്തിൽ വെയ്ക്കുന്ന തുക-1,10,30,000/-രൂപ
ഓഡിറ്റ് എൻക്വയറി നം-5/19.10.21

1-14 മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് നൽകിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 17 വാർഡുകളിലെയും വാർഡ് ഹെൽത്ത് സാനിട്ടേഷൻ കമ്മറ്റിയുടെ അക്കൗണ്ടിലേക്ക് കൈമാറിയ ശുചിത്വമിഷന്റെ ഫണ്ട് 10,000/-രൂപ പൂർണ്ണമായും ചെലവഴിക്കാതെ താഴെ പറയുന്ന വാർഡുകളിലെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു. വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം | ചെലവഴിക്കാതെ അവശേഷിക്കുന്ന ശുചിത്വ മിഷൻ ഫണ്ട് (രൂപ) |
|---|---|
| 13 | 7,000/- |
| 15 | 7,500/- |
| 5 | 1,865/- |
| 6 | 7,624/- |
| 7 | 7,913/- |
| 4 | 1,000/- |
| 10 | 10,000/- |
| 1 | 3,280/- |
| 15 | 10,000/- |
| 8 | 2,500/- |
| 9 | 5,000/- |
| 3 | 10,000/- |

മേൽ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവഴിക്കാത്ത തുകയായ 73,682/-രൂപ തിരികെ ശുചിത്വ മിഷൻ ഫണ്ടിലേക്ക് ഒടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുക തിരികെ ഒടുക്കി രേഖകൾ ഹാജരാക്കുന്നതുവരെ 73,682/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.
തടസ്സത്തിൽ വെയ്ക്കുന്ന തുക-73,682/-രൂപ .
ഓഡിറ്റ് എൻക്വയറിനം.18/10.2021 .

1-15 വിട്ട് കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ലഭ്യമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
അടങ്കൽ : 1,00,000/-രൂപ
വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ വിട്ട് കിട്ടിയ സ്ഥാപനങ്ങളായ കൃഷിഓഫീസിനും, വി.ഇ.ഒ. യുടെ ഓഫീസിനുമായി കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ എന്ന പ്രോജക്റ്റിൽ (നം. 5/21) കെൽട്രോണിന് തുക ഒടുക്കിയിട്ടുണ്ടെങ്കിലും കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ലഭ്യമായിട്ടില്ല.

മെയിന്റനൻസ് ഫണ്ട് നോൺ റോഡ് ഉപയോഗിച്ച് 2 കമ്പ്യൂട്ടറും, 1 പ്രിന്ററും CPRC മുഖേന കെൽട്രോണിൽ നിന്നും വാങ്ങുന്നതിനായി ബിൽ നം. 54/29.321 പ്രകാരം 92,547/- രൂപ അടച്ചു. എന്നാൽ കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ലഭ്യമായിട്ടില്ല. കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ലഭ്യമാക്കി കൃഷിഓഫീസിനും, വി.ഇ.ഒ. യുടെ ഓഫീസിനുമായി വിതരണം ചെയ്തതിന്റെ വിവരം, ഉപകരണങ്ങൾ ലഭിച്ച സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കുന്നതുവരെ 92,547/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. : 9/27.10.2021.
തടസ്സപ്പെടുത്തിയ തുക : 92,547/-രൂപ .

1-16 മൺചട്ടിയിൽ പച്ചക്കറി കൃഷി -അനുവദനീയമായതിലും അധികം സബ്സിഡി നൽകി.

<u>അടങ്കൽ</u>
വികസന ഫണ്ട് 82,800/- രൂപ
ഗുണഭോക്തൃവിഹിതം 20,000/- രൂപ
<u>ചെലവ്</u>
വികസന ഫണ്ട് 82,800/- രൂപ
ബിൽ നം : 4/30.12.20
ഗുണഭോക്തൃവിഹിതം : 20,000/- രൂപ
വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസർ നടപ്പിലാക്കിയ മൺചട്ടിയിൽ പച്ചക്കറി കൃഷി എന്ന പ്രോജക്റ്റിൽ (നം. 92/21) അനുവദനീയമായതിലും അധികം സബ്സിഡി നൽകി. ചടയമംഗലം ബ്ലോക്ക് ലെവൽ ഹൈടെക്ക് പച്ചക്കറി നേഴ്സറിയിൽ നിന്നും ഇൻവോയിസ് നം. 62/25.11.2020 പ്രകാരം പച്ചക്കറിതൈ ഉൾപ്പെടെയുള്ള 500 മൺചട്ടിയക്ക് 200/- രൂപ പ്രകാരം 1,00,000/-രൂപ ആകെ നൽകി. ഇതിൽ പച്ചക്കറി അടങ്ങിയ മൺചട്ടിക്ക് 80,000/- രൂപയും, കയറ്റിറക്ക് കൂലി 2,800/- രൂപയും ഉൾപ്പടെ 82,800/-രൂപ വികസന ഫണ്ടിൽ നിന്നും, ഗുണഭോക്തൃവിഹിതം 20000 /- രൂപയുമാണ് ചെലവഴിട്ടുള്ളത്.
സർക്കാർ ഉത്തരവ് നം. 22/2018/തസ്വഭവ തീ. 14.02.18 ഖ. 6.1.11 പ്രകാരം 75% സബ്സിഡിയാണ് മൺചട്ടിയിലുള്ള പച്ചക്കറി കൃഷിയ്ക്ക് അനുവദനീയമായത്. ആയതിൻ പ്രകാരം വികസന ഫണ്ടിൽ നിന്നും ആകെ ചെലവിന്റെ 75% തുകയായ 75,000/- രൂപ മാത്രമേ ചെലവഴിക്കാൻ പാടുള്ളു (കയറ്റിറക്ക് കൂലി ഒഴിച്ച്). എന്നാൽ ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവഴിക്കേണ്ടിയിരുന്ന 5,000/-രൂപ കൂടി വികസനഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടിവന്നതിനാൽ 5,000/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. അധികം ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിയ്ക്ക് അധികം സബ്സിഡി നൽകിയിട്ടില്ലായെന്ന മറുപടി ലഭ്യമാക്കിയത് അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച സബ്സിഡിയായ 5,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ തിരികെ ഒടുക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറിനം. 3/18 10.2021 .
നിരാകരിക്കുന്ന തുക : 5,000/-രൂപ .

1-17 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം- 2 ഗുണഭോക്താക്കൾ പഠന മുറി

പൂർത്തീകരിച്ചിട്ടില്ല.

അടങ്കൽ – 10,00,000/-രൂപ

ചെലവ് - 3,25,000/-രൂപ

ബിൽ നം. 7/3.1.21 : 50,000/-രൂപ

ബിൽ നം. 8/8.3.21 : 1,50,000/-രൂപ

ബിൽ നം. 12/22.3.21 : 75,000/-രൂപ

ബിൽ നം. 11/21.3.21 : 50,000/-രൂപ

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം - പ്രോജക്ടിൽ (നം. 21/21) 2 ഗുണഭോക്താക്കൾ പഠനമുറി പൂർത്തീകരിച്ചിട്ടില്ല.

വികസന ഫണ്ട് (എസ്.സി.പി. ) 3,25,000/-രൂപ ചെലവഴിച്ച പ്രോജക്ടിൽ ബിൽ നം. 7 പ്രകാരം വിപിൻ ജെ (S/o സരള റ്റി) യ്ക്കും, ബിൽ നം. 11 പ്രകാരം ശരണ്യ എസ് (D/o സുഭദ്ര) എന്നിവർക്ക് പഠനമുറി നിർമ്മിക്കുന്നതിലേക്കായി 50,000/- രൂപ വീതം അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. മേൽവിഷയത്തിന് വിശദീകരണം ലഭ്യമാക്കിയതിൽ പഠനമുറി നിർമ്മാണം പുരോഗമിക്കുകയാണെന്നും, പൂർത്തീകരിച്ച് വിവരം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് രേഖകൾ ലഭ്യമാക്കുന്നതുവരെ 100000/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

തടസ്സത്തിൽ വെയ്ക്കുന്ന തുക : 1,00,000/-രൂപ .

ഓഡിറ്റ് എൻക്വയറി നം. 2/18 10.2021 .

1-18 സ്ഥാപന തൊഴിൽ നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 204, 205 വകുപ്പുകൾ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ അല്ലെങ്കിൽ സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽനികുതി ചുമത്താവുന്നതാണ്. എന്നാൽ സ്ഥാപനത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2020-21 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി, തൊഴിൽ നികുതി എന്നിവ ഒടുക്കിയിട്ടില്ല.

എ. തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് 2020-21 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1. | ബി.എസ്.എൻ.എൽ, വെളിനെല്ലൂർ | I & II |
| 2. | മാർക്ക് ആർക്കിടെക്ചർ കോളേജ്, റോഡ് വിള | I & II |
| 3 | ഓയൂർ ഷോപ്പിംഗ് കോംപ്ലക്സിലെ 15, 16, 17, 19, 27 നം. കടമുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഒഴികെയുള്ള സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽനികുതി (23 സ്ഥാപനങ്ങൾ) | I & II |

ബി. ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കിയിട്ടില്ല .

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1. | ബി.എസ്.എൻ.എൽ, വെളിനല്ലൂർ | I & II |
| 2. | മാർക്ക് ആർക്കിടെക്ചർ കോളേജ്, റോഡ് വിള | I & II |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് കടയുടമകൾക്ക് നോട്ടീസ് നൽകി സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. അപ്രകാരം തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ : | 10/27.10.2021 |

1-19 ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകിയിരിക്കുന്നതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള ഓയൂർ ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നല്കിയിരിക്കുന്നത് നിലവിലെ ചട്ടങ്ങൾക്കും ബൈലായിലെ നിബന്ധനകൾക്കും വിരുദ്ധമായാണ്. അപാകതകൾ ചുവടെ കൊടുക്കുന്നു.

1-19-1 ഓയൂർ ഷോപ്പിംഗ് കോംപ്ലക്സ് - പഞ്ചായത്തിന് വൻസാമ്പത്തിക ബാദ്ധ്യതയായി മാറുന്നു.

ഗ്രാമ പഞ്ചായത്തിലെ പ്രധാന ഷോപ്പിംഗ് കോംപ്ലക്സായ ഓയൂർ ഷോപ്പിംഗ് കോംപ്ലക്സ് KURDFC – ൽ നിന്നും 1,93,15,284/- രൂപ ലോണെടുത്താണ് 2017-2018 സാമ്പത്തിക വർഷം നിർമ്മാണം പൂർത്തീകരിച്ചത്. നിലവിൽ വർഷം തോറും 27,59,336/- രൂപ മുതലും അതിന്റെ പലിശയും അടച്ചു വരുകയാണ്. എന്നാൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ 2019-20, 2020-21 വർഷങ്ങളിലെ വാടകയിനത്തിലുള്ള ഡിമാന്റ് യഥാക്രമം 33,24,610/-രൂപയും, 20,75,228/-രൂപയും, വരവ് യഥാക്രമം 26,26,892/-രൂപയും, 12,45,086/-രൂപയുമാണ്. അതായത് വർഷം തോറും ഷോപ്പിംഗ് കോംപ്ലക്സിന്റെ വരവും ഡിമാന്റും കുറഞ്ഞ് വരികയാണ്.

06.02.2021 – ലെ പഞ്ചായത്ത് കമ്മറ്റിയുടെ XxI(1) -ാം നമ്പർ തീരുമാന പ്രകാരം ഷോപ്പിംഗ് കോംപ്ലക്സിന്റെ സെല്ലാർ ഭാഗത്ത് പുതിയതായി പണി പൂർത്തിയാക്കിയ കടമുറികൾക്ക് പി.ഡബ്ല്യു.ഡി. വാല്യുവേഷൻ നിരക്ക് കൂടുതൽ ആയതിനാൽ സ്ക്വയർ ഫീറ്റ് കണക്കാക്കി വാടക ഈടാക്കുന്നത് ഒഴിവാക്കി ലഭിക്കാവുന്ന പരമാവധി വാടക ഈടാക്കിക്കൊണ്ട് സപ്ലൈകോ സൂപ്പർ മാർക്കറ്റ്, മെഡിക്കൽ സ്റ്റോർ, സഹകരണ ബാങ്ക് , VFPCK, എന്നീ സ്ഥാപനങ്ങൾക്കും, രണ്ട് മുറികൾ പോലീസ് ഔട്ട് പോസ്റ്റിനും കുടുംബശ്രീക്കും വിട്ടുനൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തീരുമാനം നിലവിലെ ചട്ടങ്ങൾക്കും ബൈലായിലെ നിബന്ധനകൾക്കും വിരുദ്ധമാണ്. ആയതിനാൽ നിലവിലെ ചട്ടങ്ങൾക്കും ബൈലായിലെ നിബന്ധനകൾക്കും വിധേയമായി വ്യാപാര സാദ്ധ്യത കൂടി കണക്കിലെടുത്ത് പുതിയ കടമുറികൾ വാടകയ്ക്ക് നൽകുന്നതിനും വാടക കുടിശ്ശിക അടിയന്തിരമായി ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

1-19-2 അനധികൃത നിർമ്മാണവും കൈമാറ്റവും - ഗ്രാമ പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല.


ഗ്രാമ പഞ്ചായത്ത് വക കെട്ടിടങ്ങളും അവയിലെ മുറികളും വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലയിലെ 23-ാം നമ്പർ നിബന്ധനയിൽ മുറി ലേലം കൊണ്ടയാൾ യാതൊരു കാരണവശാലും മുറി മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണെന്നും മുറി മറ്റൊരാൾക്ക് കൈമാറ്റം ചെയ്ത് കൊടുത്തതായി ഏതെങ്കിലും സമയത്ത് സെക്രട്ടറിക്ക് തോന്നുന്നുവെങ്കിൽ അങ്ങനെയുള്ള ആൾക്ക്

കൊടുത്തിട്ടുള്ള ലൈസൻസ് അദ്ദേഹം ഉടൻ തന്നെ ഉത്തരവ് വഴി റദ്ദാക്കേണ്ടതും അതാത് സംഗതി പോലെ ആ കെട്ടിടമോ മുറിയോ ഇടമോ ഉപയോഗിക്കുകയും കൈവശം വച്ചിരിക്കുകയും ചെയ്യുന്ന ആളിനോടോ ആളുകളോടോ ആ ഉത്തരവിൽ പറഞ്ഞിട്ടുള്ള സമയത്തിനുള്ളിൽ ഒഴിഞ്ഞു പോകുവാൻ നിർദ്ദേശിക്കുകയും ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ബൈലയിലെ 24-ാം നിബന്ധനയിൽ പഞ്ചായത്തിന്റെ രേഖാമൂലമുള്ള അനുമതി കൂടാതെ മുറി ലേലം കൊണ്ടയാൾക്ക് എടുപ്പിന് യാതൊരു വിധ മാറ്റങ്ങൾ വരുത്താനോ കൂട്ടിച്ചേർക്കുവാനോ അവകാശമുണ്ടായിരിക്കുന്നതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഓഡിറ്റിന്റെ ഭാഗമായി 28.10.2021 ൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

A) ഷോപ്പിംഗ് കോംപ്ലക്സിന്റെ 28-ാം നമ്പർ കടമുറിയുടെ വരാന്ത, കൈവരി സഹിതം കെട്ടിയടച്ച് പുതിയ വാതിൽ സ്ഥാപിച്ച് ശ്രീ. അയൂബ്ഖാൻ എന്നയാൾ "Cabello" എന്ന സ്ഥാപനം നടത്തി വരുന്നു.





B) ഷോപ്പിംഗ് കോംപ്ലക്സിന്റെ 1,2,3,4 എന്നീ കടമുറികൾ യഥാക്രമം ശ്രീമതി. സലീന ബീഗം, നിബിൻ നിവാസ്, പുന്നല, ശ്രീ. മുജീബ് പനമ്പള്ളിൽ വീട്, അയറ, ഓയൂർ, ശ്രീമതി. രത്നാഭായി, ചെറുകര പുത്തൻവീട്, ശ്രീ. അനു എ കമാൽ, അഞ്ചു നിവാസ്, വെളിയം എന്നീ ആളുകൾ വാടകയ്ക്ക് എടുത്തിട്ടുള്ളതാണ്. എന്നാൽ സ്ഥലപരിശോധനയിൽ നിലവിൽ പ്രസ്തുത കടമുറികളുടെ ഇടയിലുള്ള

ഭിത്തി പൊളിച്ചുകളഞ്ഞ് (1, 2, 3 എന്നീ മുറികൾ) ഒരു കടമുറിയാക്കി മാറ്റി "ആദം ഹൗവ്വ" എന്ന തുണിക്കട ശ്രീ. നൗഷാദ് എന്ന വ്യക്തി നടത്തിവരുന്നു.




മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ 1,2,3 എന്നീ കടമുറികളുടെ ഭിത്തികൾ പൊളിച്ചു മാറ്റി ഒന്നാക്കി "ആദം ഹൗവ്വ ഫേബ്രിക്സ് " എന്ന സ്ഥാപനം നടത്തുന്നതിനായി ശ്രീമതി. സലീന ബീഗം, ശ്രീ. മുജീബുൾ റഹ്മാൻ, ശ്രീമതി. രത്നാഭായി എന്നിവർ ചേർന്ന് അപേക്ഷ സമർപ്പിച്ചതിൻ പ്രകാരം 06.06.2020 ലെ 4(7)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം അനുസരിച്ച് കടമുറികൾ ഒഴിയുന്ന മുറയ്ക്ക് സ്വന്തം ചെലവിൽ പൂർവ്വസ്ഥിതിയിൽ ആക്കണമെന്ന വ്യവസ്ഥയിൽ ഭിത്തികൾ പൊളിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്ന് അറിയിച്ചു.

പ്രസ്തുത മറുപടി അംഗീകരിക്കാനാവില്ല. മറുപടിയിൽ പരാമർശിച്ചിരിക്കുന്ന 06.06.2020 ലെ 4(7)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ 1,2,3 എന്നീ കടമുറികൾ മൂന്ന് പേർ ലേലം ചെയ്ത് എടുത്തിട്ടുള്ളതിനാലും അതിൽ ഒരു കടമുറി വികലാംഗ സംവരണമുള്ള മുറിയായതിനാലും ടി കടമുറികളുടെ ഭിത്തി പൊളിച്ചു കളയാൻ അനുമതി നൽകാൻ കഴിയില്ല എന്ന് സെക്രട്ടറി കമ്മിറ്റിയെ ബോദ്ധ്യപ്പെടുത്തി വിയോജനകുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ കടമുറികൾ 4 വ്യത്യസ്ത വ്യക്തികളുടെ പേരിലാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത്. അതിൽ ഒന്നാമത്തെ കടമുറി വാടകയ്ക്കെടുത്തിരിക്കുന്ന ശ്രീമതി. സലീന ബീഗം മാത്രമാണ് ആദം ഹൗവ്വ ടെക്സ്റ്റയിൽസിന് ലൈസൻസ് എടുത്തിരിക്കുന്നത്. 2 മുതൽ 4 വരെ കടമുറികൾ വാടകയ്ക്കെടുത്തവർ ലൈസൻസ് എടുത്തിട്ടുമില്ല. കൂടാതെ മേൽ കടമുറികളുടെ (1 മുതൽ 4 വരെ) വാടക 6/20 മുതൽ 3/21 വരെ ഒടുക്കു വരുത്തിയിട്ടുമില്ല. ഒരു കടമുറിയായി പ്രവർത്തിക്കുമ്പോൾ ഒരു വാടകക്കാരനും ഒരു ലൈസൻസിയും മാത്രമേ ഉണ്ടാകാവൂ എന്നിരിക്കെ 4 വ്യത്യസ്ത ആളുകളുടെ പേരിൽ വാടകയ്ക്ക് നൽകിയിരിക്കുന്നതും അവർക്ക് ലൈസൻസ് ഇല്ലാത്തതും നിയമവിരുദ്ധമാണ്.

06.06.2020 ലെ 4(7) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം കടമുറികൾ ഒഴിയുന്ന മുറയ്ക്ക് സ്വന്തം ചെലവിൽ പൂർവ്വസ്ഥിതിയിൽ ആക്കണമെന്ന വ്യവസ്ഥയിൽ ഭിത്തി പൊളിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്ന് പറയുമ്പോഴും ആയത് സംബന്ധിച്ച് ഒരു കരാറിലും പഞ്ചായത്തും വാടകക്കാരും ഏർപ്പെട്ടിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറിയുടെ വിയോജനക്കുറിപ്പ് മറികടന്ന് പല വ്യക്തികൾ വാടകയ്ക്കെടുത്ത മുറികൾ ഭിത്തി പൊളിച്ച് ഒന്നാക്കുന്നതിന് തീരുമാനമെടുത്ത എല്ലാ കമ്മിറ്റി അംഗങ്ങളേയും ഷോപ്പിംഗ് കോംപ്ലക്സ് പൊളിച്ചതു മൂലമുള്ള നഷ്ടത്തിനുത്തരവാദികളായി നിശ്ചയിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ബൈലോയിലെ നിബന്ധനകളും വാടക കരാറിലെ വ്യവസ്ഥകളും പാലിക്കാതെ അനധികൃത നിർമ്മാണങ്ങളും മുറികളുടെ കൈമാറ്റവും നടത്തിയതിനെതിരെ നാളിതുവരെ യാതൊരു നടപടികളും സ്വീകരിക്കാത്തത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഗുരുതരമായ വീഴ്ചയായി വിലയിരുത്തുന്നു. ആയതിനാൽ ബൈലോയിലെയും വാടക കരാറിലെയും നിബന്ധനകൾ പാലിച്ച് അനധികൃത നിർമ്മാണത്തിനും മുറികളുടെ കൈമാറ്റത്തിനും എതിരെ നിയമ നടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 16/29.10.2021 .

1-19-3 ഷോപ്പിംഗ് കോംപ്ലക്സിലെ വ്യാപാര സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

പഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിങ് കോംപ്ലക്സിലെ 1, 19 എന്നീ കടമുറികൾ ഒഴികെ അതിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനവും ലൈസൻസ് എടുക്കാതയാണ് പ്രവർത്തിക്കുന്നത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വാടക കുടിശ്ശിക നല്കാത്തതിനാലാണ് ലൈസൻസ് അനുവദിക്കാത്തതെന്നും വാടകക്കുടിശ്ശിക ഒടുക്കുന്നപക്ഷം ലൈസൻസ് അനുവദിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. എന്നാൽ പഞ്ചായത്തിന്റെ തന്നെ അധീനതയിലുള്ള ഒരു കെട്ടിടത്തിൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് അംഗീകരിക്കാൻ കഴിയില്ല. ലൈസൻസ് കൂടാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ശക്തമായ നടപടികൾ അധികാരികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയം ഭരണ വകുപ്പിന്റെ കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു. പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം വാടക നൽകാത്ത സ്ഥാപനങ്ങൾ ഒഴിപ്പിച്ച് പുനർലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നം. – 16/29.10.2021 .

1-20 ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ-ടെണ്ടർ ക്ഷണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഇനത്തിൽ ലഭിച്ച 5,50,810/-രൂപ (2014-15 സാമ്പത്തിക വർഷം മുതൽ 2017-18 വരെ) കൊല്ലം ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനായി എൽ.എസ്.ജി.ഡി. വിഭാഗം അസിസ്റ്റന്റ് എൻജിനീയർ 12.10.2021-ന് 269/എ.ഇ./എൽ.എസ്.ജി.ഡി/വി.എൽ.ആർ/2021 കത്ത് പ്രകാരം ഓർമ്മക്കുറിപ്പ് നൽകിയിട്ടുണ്ട്. നാളിതുവരെ തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് ആയതിന്റെ രേഖ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-21 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്.

ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്-13.01.2010ലെ 58608/ഡി.ബി2/09) നിഷ്കർഷിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകളോ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി. എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ പരിശോധിച്ച് ഉറപ്പാക്കാതെ നടത്തുന്ന പ്രവൃത്തികൾ നിയമ നടപടികളിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കാലികമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-22 പുറമ്പോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ച് വരുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169(5), 218 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയോ, നിഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്കു വസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ഇവ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും കൈയേറ്റക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വികസന സാധ്യതകൾക്ക് പ്രയോജനപ്പെടുത്തുവാൻ ലഭ്യമായ പുറമ്പോക്ക് ഭൂമിയുടെ കൃത്യമായ വിവരം നിലവിൽ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഭൂമിയുടെ രേഖകളുടെ കൃത്യത ബോധ്യപ്പെടാതെ ഗ്രാമപഞ്ചായത്ത് നടത്തുന്ന സ്ഥലങ്ങളുടെ കൈമാറ്റം, നിർമ്മാണ പ്രവർത്തനങ്ങൾ, കൈയേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്നിവ നിയമ പ്രശ്നങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും ഇടവരുത്തുമെന്നതിനാൽ പുറമ്പോക്ക് സംബന്ധിച്ച വിവരങ്ങൾ വില്ലേജ് അധികാരികളിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്.

ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലും നിയന്ത്രണത്തിലുമുള്ള പുറമ്പോക്ക് സ്ഥലങ്ങളുടെ സംരക്ഷണം, നിബന്ധനകൾ സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 16.05.2018 ലെ സി2/15471/2018 നം. സർക്കുലറിലെ നിർദ്ദേശങ്ങൾ കർശ്ശനമായി പാലിയ്ക്കേണ്ടതാണ്.

1-23 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും 1,88,795 /-രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ മരുന്നിനായി K.M.S.C.L-ലിൽ അടവാക്കിയ 1,88,795/-രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ഫണ്ടിനം. | K.M.S.C.L-ന് നൽകിയ തുക (രൂപ) | ബിൽ നം/ തീയതി | കെ.എം.എസ്. സി.എൽ. പ്രൊഫോർമ നം./തീയതി | ലഭിച്ച മരുന്നുകളുടെ വില (രൂപ) | ലഭിയ്ക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (രൂപ) |
|---|---|---|---|---|---|
| 31/2019-2020 പാലിയേറ്റീവ് പരിചരണം-പൊതു വിഭാഗം | 1,50,000/-<br>38,795/- | 16/25.01.2021<br>22/30.03.2021 | PRF 2640/ 02.10.2021<br>PRF 6616/ 25.03.2021 | -<br>- | 1,50,000/-<br>38,795/- |
| | | | | ആകെ തുക | 1,88,795/- |

മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ. അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച് വരുന്നുവെന്നാണ് ചുമതലപ്പെട്ടവർ അറിയിച്ചിട്ടുള്ളത്. മരുന്നുകൾ ലഭ്യമാക്കി രേഖകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-24 മെഡിക്കൽ ഓഫീസർ, ഹോമിയോ -84,870/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണം നടത്തിയ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ പ്രോജക്ടിൽ മരുന്നിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിൽ അടവാക്കിയ 2,50,000/-രൂപയിൽ 84,870/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ഫണ്ടിനം. | നൽകിയ തുക (രൂപ) | ബിൽ നം/തീയതി | പ്രൊഫോർമ നം./തീയതി | ലഭിച്ച മരുന്നുകളുടെ വില (രൂപ) | ലഭിയ്ക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (രൂപ) |
|---|---|---|---|---|---|
| 15/2020-2021 (മെയിന്റനൻസ് ഫണ്ട് -റോഡ് ഇതരം) | 2,50,000/- | 02/10.11.2020 | PF 783/ 20.10.2020 | 1,65,130/- | 84,870/-രൂപ |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച് വരുന്നുവെന്നാണ് ചുമതലപ്പെട്ടവർ അറിയിച്ചിട്ടുള്ളത്. മരുന്നുകൾ ലഭ്യമാക്കി രേഖകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-25 ദേശീയ തൊഴിലുറപ്പ് പദ്ധതി-അവലോകനം

2020-2021 സാമ്പത്തിക വർഷത്തിൽ 2448 കുടുംബങ്ങൾക്കായി 1,58,882 മനുഷ്യദിനങ്ങൾ തൊഴിൽ നൽകി. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 1161 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 5,82,68,228/- രൂപയുടെ ചെലവ്, ഭൂവികസനം, ലൈഫ് ഭവന നിർമ്മാണം, ജലസംരക്ഷണ പ്രവൃത്തികൾ, റോഡ് നിർമ്മാണ പ്രവൃത്തികൾ എന്നിവയ്ക്കായാണ് മുഖ്യമായും വിനിയോഗിച്ചത്.

രേഖകളുടെ പരിശോധന - ഓഡിറ്റ് നിരീക്ഷണങ്ങൾ

1. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.
2. വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.
3. നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥരിൽ നിന്നും /മേറ്റുമാരിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
4. പ്രവൃത്തികളുടെ അന്തിമ മൂല്യനിർണ്ണയത്തിന് അടിസ്ഥാനമാക്കിയ അളവുകൾ തെളിയിക്കുന്ന രേഖകൾ ഇല്ല.
5. ലൈഫ് ഭവനം, റോഡ് നിർമ്മാണം, കിണർ, തൊഴുത്ത് നിർമ്മാണം എന്നീ മെറ്റീരിയൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ട് ഫയലുകളിലും തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ ഉൾപ്പെടുത്തിയിട്ടില്ല. ലൈഫ് ഭവന നിർമ്മാണത്തിന്റെ ഘട്ടങ്ങൾ സംബന്ധിച്ച സാക്ഷ്യപത്രം വി.ഇ.ഒ.മാരിൽ നിന്നും തൊഴിലുറപ്പ് വിഭാഗം ലഭ്യമാക്കി ഫയലിൽ ഉൾപ്പെടുത്തുന്നില്ല. അതിനാൽ മസ്റ്റർ റോളുകളുടെ കൃത്യത, സുതാര്യത എന്നിവ ഉറപ്പാക്കുന്നതിന് പ്രാപ്തമല്ല.
6. നിർമ്മാണ പ്രവർത്തികൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.2012- ലെ സർക്കാർ ഉത്തരവ് (കൈ) 93/2012/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിയ്ക്കുന്നില്ല.
7. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.
8. പ്രവൃത്തിയുടെ ഫോട്ടോകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ, പ്രോജക്ട് യോഗങ്ങൾ നടത്തിയതിന്റെയും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും, പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിക്കുന്നില്ല.
9. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
10. സോഷ്യൽ ഓഡിറ്റ് കൃത്യമായി നടത്തുന്നില്ല. (2020-2021 സാമ്പത്തിക വർഷത്തിൽ 2/2021-ൽ മാത്രമാണ് പരിശോധന നടത്തിയത്)
11. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൂടുന്നില്ല.
12. വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഇടപെടൽ പരിമിതമാണ്.

മേൽ ന്യൂനതകൾ പരിഹരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മൺചട്ടിയിൽ പച്ചക്കറി കൃഷി -അനുവദനീയമായതിലും അധികം സബ്സിഡി നൽകി.

അടങ്കൽ

വികസന ഫണ്ട് 82,800/- രൂപ

ഗുണഭോക്തൃവിഹിതം 20,000/- രൂപ

ചെലവ്

വികസന ഫണ്ട് 82,800/- രൂപ

ബിൽ നം : 4/30.12.20

ഗുണഭോക്തൃവിഹിതം : 20,000/- രൂപ

വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസർ നടപ്പിലാക്കിയ മൺചട്ടിയിൽ പച്ചക്കറി കൃഷി എന്ന പ്രോജക്ടിൽ (നം. 92/21) അനുവദനീയമായതിലും അധികം സബ്സിഡി നൽകി. ചടയമംഗലം ബ്ലോക്ക് ലെവൽ ഹൈടെക്ക് പച്ചക്കറി നേഴ്സറിയിൽ നിന്നും ഇൻവോയിസ് നം. 62/25.11.2020 പ്രകാരം പച്ചക്കറിതൈ ഉൾപ്പെടെയുള്ള 500 മൺചട്ടിയക്ക് 200/- രൂപ പ്രകാരം 1,00,000/-രൂപ ആകെ നൽകി. ഇതിൽ പച്ചക്കറി അടങ്ങിയ മൺചട്ടിക്ക് 80,000/- രൂപയും, കയറ്റിറക്ക് കൂലി 2,800/- രൂപയും ഉൾപ്പടെ 82,800/-രൂപ വികസന ഫണ്ടിൽ നിന്നും, ഗുണഭോക്തൃവിഹിതം 20000 /- രൂപയുമാണ് ചെലവഴിട്ടുള്ളത്.

സർക്കാർ ഉത്തരവ് നം. 22/2018/തസ്വഭവ തീ. 14.02.18 ഖ. 6.1.11 പ്രകാരം 75% സബ്സിഡിയാണ് മൺചട്ടിയിലുള്ള പച്ചക്കറി കൃഷിയ്ക്ക് അനുവദനീയമായത്. ആയതിൻ പ്രകാരം വികസന ഫണ്ടിൽ നിന്നും ആകെ ചെലവിന്റെ 75% തുകയായ 75,000/- രൂപ മാത്രമേ ചെലവഴിക്കാൻ പാടുള്ളു (കയറ്റിറക്ക് കൂലി ഒഴിച്ച്). എന്നാൽ ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവഴിക്കേണ്ടിയിരുന്ന 5,000/-രൂപ കൂടി വികസനഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടിവന്നതിനാൽ 5,000/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. അധികം ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിയ്ക്ക് അധികം സബ്സിഡി നൽകിയിട്ടില്ലായെന്ന മറുപടി ലഭ്യമാക്കിയത് അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച സബ്സിഡിയായ 5,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ തിരികെ ഒടുക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിനം. 3/18 10.2021 .

നിരാകരിക്കുന്ന തുക : 5,000/-രൂപ .

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 23-10-2021 | കെ.എസ്.എ.കെ.എൽ.എം.പി3/1719/21 തീയതി 21-06-2022 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 | 2,66,989/- | ലൈഫ് ഭവന നിർമ്മാണം | 2,66,989/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 | 70,600/- | ബഡ്സ് സ്കൂൾ അദ്ധ്യാപകർക്ക് വേതനം | 70,005/- | 565/- |
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 3,74,020/- | ബഡ്സ് സ്കൂൾ അദ്ധ്യാപകർക്ക് വേതനം | 3,74,020/- | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 5,49,800/- | ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് സ്കോർഷിപ്പ് | 5,49,800/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 | 1,42,658/- | ബഡ്സ് സ്കൂൾ കുട്ടികൾക്ക് ഭക്ഷണം | 7,291/- | 1,35,367/- |
| ജില്ലാ പഞ്ചായത്ത് | 2020/21 | 72,124/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 72,124/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 10,00,000/- | ലൈഫ് ഭവന നിർമ്മാണം | 10,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 4,50,000/- | ലൈഫ് ഭവന നിർമ്മാണം എസ് സി | 4,50,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 2,60,100/- | നെൽകൃഷി | 2,60,100/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 97,750/- | നെൽകൃഷി | 97,750/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 25,000/- | ഫലവൃക്ഷ തൈ വിതരണം | 25,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020/21 | 97,444/- | മത്സ്യ കൃഷി | 97,444/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020/21 | 4,00,000/- | ലൈഫ് ഭവന നിർമ്മാണം ജനറൽ | 4,00,000/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | ജലജീവൻ മിഷൻ | 22001150 | 3,92,852/- | 0 | 3,92,852/- |
| ,, | ,, | 22001201 | 18,393/- | 0 | 18,393/- |
| ഇറിഗേഷൻ വകുപ്പ് | ചെക്ക് ഡാം നിർമ്മാണം | 49/ 21.03.21 | 56,80,000/- | 0 | 56,80,000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻബാക്കി 22,554/- രൂപയടക്കം 56,82,554/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | സ.ഉ(എം.എസ്സ്) 1884/15/തസ്വഭവ തീയതി.23.06.15 | 1,93,15,284/- | 1,12,41,520/- | 27,59,336/- | 11,11,239/- | 84,82,184/- |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്സ്) 2278/18/തസ്വഭവ തീയതി.13.08.2018 | - | 1,91,36,083/- | 14,48,196/- | - | 1,76,87,887/- |

4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25,73,638/-രൂപ |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 25,73,638/-രൂപ |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25,73,638/-രൂപ |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക (₹) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | വെളിനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് | 25.08.16 | 3 വർഷം | 25,73,638/- | 25.07.19-ൽ കാലാവധി അവസാനിച്ചതിനെ തുടർന്ന് ഓരോ വർഷവും പലിശ ചേർത്ത് പുതുക്കിക്കൊണ്ടിരിക്കുന്നു. |

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 2-4 | 2014-15 | 6-2 | അനിവാര്യമായ രേഖകളുടെ അഭാവത്തിൽ പാറക്വാറികൾക്ക് ലൈസൻസ് അനുവദിക്കൽ | വകുപ്പുതല നടപടികൾക്ക് ശുപാർശ ചെയ്തു |
| 1999-00 | 2-29 | 2004-05 | - | രസീത് പിരിവ് തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയില്ല | ലഭ്യമല്ല |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ്പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 5,000/- | ഷോണി എസ് പി, കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 1,10,30,000/- | ഷൈനി ബി, സെക്രട്ടറി |
| 1-14 | 73,682/- | ഷൈനി ബി, സെക്രട്ടറി |
| 1-15 | 92,547/- | ഷൈനി ബി, സെക്രട്ടറി |
| 1-17 | 1,00,000/- | ഷൈനി ബി, സെക്രട്ടറി |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷൈനി ബി, സെക്രട്ടറി | സെക്രട്ടറി, വെളിനെല്ലൂർ ഗ്രാമപഞ്ചായത്ത് | വാസന്തിഭവനം, തഴുത്തല, കൊട്ടിയം |
| ഷോണി എസ് പി, കൃഷി ഓഫീസർ | കൃഷി ഓഫീസർ, വെളിനെല്ലൂർ ഗ്രാമപഞ്ചായത്ത് | ഷോമാലയം, കരിങ്ങന്നൂർ, ഓയൂർ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-1999 | കെ.എസ്.എ.കെ.എൽ.എം.പി3/ 421/18(2), തീയതി, 22.3.18 | 24, 30, 39 | - |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി3/ | 28, 29, 39 | 29 കൺസോളിഡേറ്റഡ് |

| | | | |
|---|---|---|---|
| | 421/18(3), തീയതി, 22.3.18 | | ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡിക |
| 2000-2001 | കെ.എസ്.എ.കെ.എൽ.എം.പി3/ 421/18(4), തീയതി, 22.3.18 | 2-2, 2-3,3-3 (എ, സി, ഡി), 3-7 | - |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം.പി3/ 421/18(5), തീയതി, 22.3.18 | 2-1, 3-1 , 3-5 3-8 | - |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം.പി3/ 421/18(6), തീയതി, 22.3.18 | 3-5, 3-8, 3-14 | - |
| 2003-2004 | കെ.എസ്.എ.കെ.എൽ.എം.പി3/ 421/18(7), തീയതി, 22.3.18 | 3-2(1,2,5,6,7,8, 9-മുതൽ 17 വരെ) | - |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം.പി3/ 421/18(8), തീയതി, 22.3.18 | 3-5, 3-15 | - |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം.പി3/ 421/18(9), തീയതി, 22.3.18 | 3-6 (1,3) | - |
| 2006-2007 | കെ.എസ്.എ.കെ.എൽ.എം.പി3/ 811(1)/2019തീയതി,12.06.2019 | 2-1, 3-2, 3-3, 3-8 | - |
| 2007-2008 | കെ.എസ്.എ.കെ.എൽ.എം.പി3/ 811(2)/2019തീയതി,12.06.2019 | 3-4, 3-5,3-7, 3-9 | - |
| 2008-2009 | കെ.എസ്.എ.കെ.എൽ.എം.പി3/ 811(3)/2019തീയതി,12.06.2019 | 3-2, 3-4,3-5 | - |
| 2009-2010 | കെ.എസ്.എ.കെ.എൽ.എം.പി3/ 811(4)/2019തീയതി,12.06.2019 | 2-1, 2-2, 3-2, 3-3 3-4, 3-5, 3-6, 3-9 | - |
| 2010-2011 | കെ.എസ്.എ.കെ.എൽ.എം.പി3/ 811(5)/2019തീയതി,12.06.2019 | 2-1, 3-3 3-4 (1,2) , 3-5, 3-6, 3-8, 3-9, 3-11, 3-12 | - |
| 2011-2012 | എൽ.എഫ്.ക്യൂ.പി.7-621/14/ 05.05.14/22.05.2014 | ഭാഗം 2 ലെയും 3 ലെയും എല്ലാ ഖണ്ഡികകളും | - |
| 2012-2013 | എൽ.എഫ്.ക്യു.-പി-7/384/ 2015/തീയതി, 4.4.2015 | ഭാഗം 2 ലെയും 3 ലെയും എല്ലാ ഖണ്ഡികകളും | ഖ. 2-4 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 2013-2014 & 2014-2015 | കെ.എസ്.എ/കെ.എൽ.എം.പി-7/ 937/2016/ തീയതി, 08.06.2016 | ഭാഗം 2 ലെയും 3 ലെയും എല്ലാ ഖണ്ഡികകളും | - |
| 2015-16 | കെ.എസ്.എ/കെ.എൽ.എം.പി-7/ 224/2017/ തീയതി, 13.02.2017 | ഭാഗം 2 ലെയും 3 ലെയും എല്ലാ ഖണ്ഡികകളും | - |
| 2016-17 | കെ.എസ്.എ/കെ.എൽ.എം.പി-3/ 1448/17/തീയതി, 16.8.17 | ഭാഗം 2 ലെയും 3 ലെയും എല്ലാ ഖണ്ഡികകളും | - |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ/കെ.എൽ.എം.പി-3/ 362/19 തീയതി-30.04.2019 | ഭാഗം 2 ലെയും 3 ലെയും എല്ലാ ഖണ്ഡികകളും | - |
| 2018-19 | കെ.എസ്.എ/കെ.എൽ.എം.പി-3/ 316/20 തീയതി-09.06.2020 | ഭാഗം 2 ലെയും 3 ലെയും എല്ലാ ഖണ്ഡികകളും | - |
| 2019-20 | കെ.എസ്.എ/കെ.എൽ.എം.പി-3/ 1566/2021 തീയതി-27.05.2022 | എല്ലാ ഖണ്ഡികകളും | - |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.